തീപ്പെട്ടി ഫാക്ടറികൾ

*217 [232] ശ്രീ. വി. ജെ. ജോസഫ്:
,, ഡോക്ടർ ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കൊള്ളിയും പെട്ടിയും നിർമ്മിക്കുന്ന എത്ര തീപ്പെട്ടി ഫാക്ടറികൾ ഉണ്ട്;

(ബി) ഈ ഫാക്ടറികൾക്ക് ആവശ്യമായ സോഫ്ട് വുഡ് നൽകുവാൻ ഗവൺമെന്റിനു സാധിക്കുന്നുണ്ടോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) കേരളത്തിൽ 302 ഫാക്ടറികൾ കൊള്ളിയും പെട്ടിയും നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

(ബി) ഇല്ല.

അവശകായികകലാകാരന്മാർക്ക് പെൻഷൻ

*218 [233] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകായികകലാകാരന്മാർക്ക് പെൻഷനോ, ഗ്രാന്റോ നൽകുന്നതിനുവേണ്ടി പ്രതിവർഷം ചെലവാക്കുന്ന തുക എത്ര;

(ബി) ഇത് അനുവദിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്ത്?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) 1,28,000 രൂപ. ഈ സാമ്പത്തികവർഷത്തിൽ ചിലവാക്കുന്നുണ്ട്.

(ബി) കായികരംഗത്തുള്ള അവരുടെ സംഭാവനകൾ, സേവനകാലദൈർഘ്യം, ഇപ്പോഴത്തെ സാമ്പത്തികമായ അവശനില, വയസ് എന്നിവ പരിഗണിച്ചാണ് പെൻഷൻ നൽകിവരുന്നത്.

ഓവർസീസ് ഡവലപ്പ്മെന്റ് ആൻറ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടൻറ്സ് കോർപ്പറേഷൻ

*219. [234] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലുദ്യോഗവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഓവർസീസ് ഡവലപ്പ്മെന്റ് ആൻറ് എംപ്ലോയ്മെന്റ് പ്രമോഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതുവിധത്തിൽ?

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ രാജ്യങ്ങളുമായി കോൺട്രാക്റ്റുകളും എടുക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) ഇതുമൂലം എത്രപേർക്ക് വിദേശത്ത് തൊഴിൽ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ?

തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ): (എ) ഉണ്ട്.

(ബി) ബോംബെ, ഡൽഹി എന്നിവിടങ്ങളിൽ കമ്പനിയുടെ മേഖലാ ഓഫീസുകളും സ്ഥാപിച്ചു പ്രവർത്തനം നടത്താനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്. യുണൈറ്റഡ് അറബ് എമിറേറ്റ്സിൽ കമ്പനിക്ക് രജിസ്ട്രേഷൻ സമ്പാദിക്കുകയും അവിടെ ഒരു ഓഫീസ് സ്ഥാപിക്കുകയും ചെയ്യാൻ ഉദ്ദേശമുണ്ട്. ലിബിയായിൽ 60 കിടക്കകളുള്ള ഒരു ആശുപത്രിയുടെ പ്രവർത്തനം മാൻ ആൻഡ് മാനേജ്മെന്റ് അടിസ്ഥാനത്തിൽ കമ്പനി ഏറ്റെടുത്തു നടത്തുവാൻ കേന്ദ്രഗവൺമെന്റിന്റെ അനുവാദം പ്രതീക്ഷിച്ചിരിക്കുകയാണ്. അറേബ്യൻ നാട്ടിൽ തന്നെ ഒരു വിമാനത്താവളത്തിന്റെയും അഗ്രികൾച്ചറൽ ഫാമിന്റെയും ഭരണം ഇതേ അടിസ്ഥാനത്തിൽ നടത്തുവാനുള്ള നിർദ്ദേശം കമ്പനി പരിഗണിച്ചു വരികയാണ്.

(സി) ഉണ്ട്.

(ഡി) എത്രപേർക്ക് തൊഴിൽ കിട്ടുമെന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ഏറ്റെടുക്കുന്ന കോൺട്രാക്റ്റുകളെ ആശ്രയിച്ചായിരിക്കും അത്.

(ഇ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

നാഷണൽ സ്കൂൾമീറ്റ്

*220 [235] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്കൂൾകുട്ടികൾ ഇക്കഴിഞ്ഞ നാഷണൽ സ്കൂൾ മീറ്റിൽ എത്ര പോയിന്റ് നേടി ;

(ബി) ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ കേരളത്തിന് ചാമ്പ്യൻ ഷിപ്പ് കൊടുക്കാതെ മഹാരാഷ്ട്രയ്ക്ക് ചാമ്പ്യൻ പദവി നൽകിയതിന് കേരള ഗവൺമെന്റ് പ്രതിഷേധം പ്രകടിപ്പിച്ചുവോ ;

(സി) ഉണ്ടെങ്കിൽ എന്തു മറുപടി ലഭിച്ചു ?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): (എ) 112 പോയിന്റുകൾ.

(ബി, സി) ഇൻഡ്യാ സ്കൂൾ ഗയിംസ് ഫെഡറേഷന്റെ ഔദ്യോഗികരേഖകളനുസരിച്ച് അത്ലറ്റിക്സിൽ കേരളംതന്നെയാണ് ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയിരിക്കുന്നത്. നാഗപ്പൂരിലുള്ള ഒരു പ്രാദേശിക കമ്മിറ്റി ഏർപ്പെടുത്തിയ പുതിയ ട്രോഫി, ആ കമ്മിറ്റിതന്നെ നിശ്ചയിച്ച

LIBRARY ARCHIVES Kerala Legislative Assembly